# കേരള സർവകലാശാല

നം. പി.ആർ.171/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദ പ്രവേശനം – 2017
## നാലാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു-നിർദ്ദേശങ്ങൾ

2017–18 അദ്ധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള നാലാം സപ്ലിമെന്ററി അലോട്ട്മെന്റ് http://admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ 31.07.2017 ന് പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനത്തിലൂടെ ഇതുവരെയും ഒരു കോളേജിലും പ്രവേശനം ലഭിക്കാത്തതും എന്നാൽ ഈ സപ്ലിമെന്ററി അലോട്ട്മെന്റിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുകയും ചെയ്തവർ അഡ്മിഷൻ ഫീസ് അടക്കുന്നതിനുള്ള ചെല്ലാൻ പ്രിന്റൗട്ടെടുത്ത് എസ്.ബി.ഐ യുടെ ഏതെങ്കിലും ശാഖയിൽ ഫീസ് അടക്കേണ്ടതാണ്. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 1525/- രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 840/- രൂപയുമാണ്. ഇപ്രകാരം അഡ്മിഷൻ ഫീസ് അടച്ചവർ അഡ്മിഷൻ ഫീസ് അടച്ചതിന്റെ വിവരം വെബ്സൈറ്റിൽ നൽകിയ ശേഷം അലോട്ട്മെന്റ് മെമ്മോ പ്രിന്റെടുക്കേണ്ടതും മെമ്മോയിൽ പറഞ്ഞിരിക്കുന്ന കോളേജിൽ പ്രവേശനം നേടേണ്ടതുമാണ്. മുൻ അലോട്ട്മെന്റുകൾ വഴി കോളേജുകളിൽ പ്രവേശനം നേടിയ ശേഷം തങ്ങളുടെ ഹയർ ഓപ്ഷനുകൾ നിലനിർത്തിയ അപേക്ഷകർക്ക് നാലാം സപ്ലിമെന്ററി അലോട്ട്മെന്റിൽ തങ്ങളുടെ ഹയർ ഓപ്ഷനുകളിലേക്ക് അലോട്ട്മെന്റ് ലഭിച്ചാൽ നിർബന്ധമായും ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന കോളേജിൽ നിന്ന് റ്റി.സി വാങ്ങി പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടേണ്ടതാണ്. ഇങ്ങനെയുള്ളവർ അഡ്മിഷൻ ഫീസ് വീണ്ടും അടക്കേണ്ടതില്ല.

## അലോട്ട്മെന്റ് മെമ്മോ

സപ്ലിമെന്ററി അലോട്ട്മെന്റിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുന്നവർക്ക് മുകളിൽ പറഞ്ഞിരിക്കുന്ന പ്രകാരം അഡ്മിഷൻ ഫീസ് അടച്ച വിവരം വെബ്സൈറ്റിൽ ചേർക്കുമ്പോൾ അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാവുന്നതാണ്. കോളേജിൽ പ്രവേശനം നേടിയ ശേഷം തങ്ങളുടെ ഹയർ ഓപ്ഷനിലേക്ക് സപ്ലിമെന്ററി അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിക്കുന്നവർക്കും ലോഗിൻ ചെയ്ത് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാം. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ എടുക്കേണ്ട തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ഉണ്ടായിരിക്കും. 2017 ആഗസ്റ്റ് 1, 2, 3 തീയതികളിലാണ് കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടത്. യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസൽ സഹിതം മെമ്മോയിൽ പ്രസ്താവിച്ചിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ് (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക). അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അതത് കോളേജുകളിൽ അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ യാതൊരു കാരണവശാലും അടുത്ത

അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. പ്രവേശന തീയതി യാതൊരു കാരണവശാലും നീട്ടി നൽകുന്നതല്ല. കോളേജുകളിൽ പ്രവേശനം നേടിയ ശേഷം ആ സീറ്റിൽ തൃപ്തരാണെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ 04.08.2017 വൈകുന്നേരം 5 മണിവരെ നീക്കം ചെയ്യാം. നിലനിർത്തപ്പെടുന്ന ഹയർ ഓപ്ഷനുകൾ തുടർന്നുള്ള അലോട്ട്മെന്റുകൾ ഉണ്ടെങ്കിൽ പരിഗണിക്കുന്നതും പുതിയ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ആ സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

## ഓൺലൈൻ അപേക്ഷ: തീയതി നീട്ടി

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം 2017-18 ലേക്ക് നടത്തുന്ന യു.ജി/പി.ജി പ്രോഗ്രാമുകളുടെ ഓൺലൈൻ അപേക്ഷ പിഴയില്ലാതെ ആഗസ്റ്റ് 16 വരെ സ്വീകരിക്കുന്നതാണ്.

## ബി.എസ്‌സി ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ് ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ് സപ്ലിമെന്ററി പരീക്ഷയുടെ (2012 അഡ്മിഷൻ മാത്രം - 2010 സ്കീം) ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യ നിർണയത്തിനും ആഗസ്റ്റ് 11 വരെ അപേക്ഷക്കാം.

## വൈവ വോസി പരീക്ഷ

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന ബി.ബി.എ 2014 ബാച്ചിന്റെ വൈവ വോസി പരീക്ഷ ആഗസ്റ്റ് എട്ട്, ഒൻപത്, പത്ത് തീയതികളിൽ രാവിലെ 10.00 മണി മുതൽ വൈകിട്ട് 4.30 വരെ പാളയം വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. വൈവ വോസിക്ക് വരുന്ന വിദ്യാർത്ഥികൾ ഹാൾടിക്കറ്റും പ്രൊജക്ടിന്റെ കോപ്പിയും കൊണ്ടുവരേണ്ടതാണ്.

## എം.പി.ഇ ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ (എം.പി.ഇ) പ്രീവിയസ്, ഫൈനൽ പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്ക് ആഗസ്റ്റ് 31 വരെ അപേക്ഷക്കാം.

തിരുവനന്തപുരം.
31.07.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in